**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 753** **17-09-2025 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ കെ.എസ്.ഇ.ബി സെക്ഷൻ വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വിസ്തൃതിയും ഉപഭോക്താക്കളുടെ പെരുപ്പവും മൂലം കാര്യക്ഷമമായ സേവനം ഉറപ്പാക്കാൻ പ്രയാസപ്പെടുന്ന കെ.എസ്.ഇ.ബി. പെരിന്തൽമണ്ണ സെക്ഷൻ വിഭജിക്കണ്ടേതിന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിരവധി ആശുപത്രി, വാണിജ്യ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന നഗരമായ പെരിന്തൽമണ്ണയിലെ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനോടകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പുതുതായി ഓഫീസുകൾ ആരംഭിക്ക ന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതി നായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫിസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പ്രായോഗികമല്ല. അതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോ ഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സമയബന്ധി തമായി ലഭ്യമാക്കുന്നതിനും, മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.-ബി.എൽ നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>എന്നിരുന്നാലും ഉണഭോ ക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് കാര്യക്ഷമമായ സേവനം ഉറപ്പാക്കാൻ സെക്ഷനുകൾ പുന:ക്രമീകരി ക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. |
| (സി) | പെരിന്തൽമണ്ണ സെക്ഷൻ വിഭജിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (സി) | പുതുതായി ഓഫീസുകൾ ആരംഭിക്ക ന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതി നായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് |

| | | | |
|---|---|---|---|
| | | | കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫിസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പ്രായോഗികമല്ല. അതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോ ഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സമയബന്ധി തമായി ലഭ്യമാക്കുന്നതിനും, മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.-ബി.എൽ നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>എന്നിരുന്നാലും ഉണഭോ ക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് കാര്യക്ഷമമായ സേവനം ഉറപ്പാക്കാൻ സെക്ഷനുകൾ പുന:ക്രമീകരി ക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ